(സി) ഇപ്പോൾ കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ ശരാശരി കാലപ്പഴക്കം എത്ര;

(ഡി) കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ ഇന്ധന-സ്പെയർ പാർട്സ് ചെലവ് കിലോമീറ്ററിന് എത്ര വീതമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 3,615 ബസ്സുകൾ.

(ബി) 935 ബസ്സുകൾ.

(സി) 7 വർഷം.

(ഡി) സ്പെയർ പാർട്സ് ചെലവ് കിലോമീറ്ററിന് 92 പൈസയും ഇന്ധന ചെലവ് കി.മീറ്ററിന് 6.59 രൂപയുമാണ്.

ബസ്സുകളുടെ എണ്ണം

95 [2222] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര കെ.എസ്.ആർ.ടി.സി. ബസ്സുകൾ, പ്രൈവറ്റ് ബസ്സുകൾ, മിനി ബസ്സുകൾ എന്നിവ ഓടുന്നുണ്ടെന്ന് ജില്ല തിരിച്ച് കണക്ക് വ്യക്തമാക്കാമോ;

(ബി) മിനി ബസ്സുകൾക്ക് നൽകുന്ന പെർമിറ്റ് നിർത്തലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) 31-12-2003 വരെ 88,454 ബസ്സുകൾക്ക് പെർമിറ്റ് നൽകിയിട്ടുണ്ട്. ശേഷിച്ചിട്ടുള്ള കണക്കുകളും ജില്ല തിരിച്ചുള്ള കണക്കുകളും ശേഖരിച്ചു നൽകുന്നതാണ്. മിനി ബസ്സുൾപ്പെടെ ആകെ 4,550 ബസ്സുകളാണ് കെ.എസ്.ആർ.ടി.സി. ഓടിക്കുന്നത്. കെ.എസ്.ആർ.ടി.സി.-യുടെ ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു.†

(ബി) 4 ചക്രങ്ങളുള്ള മിനി ബസ്സുകൾ കൂടുതൽ അപകടങ്ങൾക്ക് കാരണമായി തീരുന്നതിനാൽ ആയത് നിർത്തലാക്കുന്നതിന് സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റി തീരുമാനിച്ചിട്ടുണ്ട്.

† അനുബന്ധം VII കാണുക.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം VI

[15-7-2004-ലെ ചോദ്യം നമ്പർ 87 (2214)-ന്റെ ഉത്തരം ദയവായി കാണുക]

തിരുവനന്തപുരം	. .	29,913
കൊല്ലം	. .	4,182
പത്തനംതിട്ട	. .	127
ആലപ്പുഴ	. .	21,226
കോട്ടയം	. .	18,584
ഇടുക്കി	. .	1,802
എറണാകുളം	. .	11,258
തൃശ്ശൂർ	. .	15,133
പാലക്കാട്	. .	17,015
മലപ്പുറം	. .	13,396
കോഴിക്കോട്	. .	11,180
വയനാട്	. .	1,506
കണ്ണൂർ	. .	10,407
കാസർകോട്	. .	3,476
ആകെ	. .	1,59,205

അനുബന്ധം VII

[15-7-2004-ലെ ചോദ്യം നമ്പർ 95 (2222)-ന്റെ ഉത്തരം ദയവായി കാണുക]

കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ
ബസ്സുകളുടെ ജില്ല തിരിച്ചുള്ള കണക്ക്

തിരുവനന്തപുരം	. .	1486
കൊല്ലം	. .	523
പത്തനംതിട്ട	. .	184
ആലപ്പുഴ	. .	414
കോട്ടയം	. .	348
ഇടുക്കി	. .	113
എറണാകുളം	. .	380
തൃശ്ശൂർ	. .	265
പാലക്കാട്	. .	153
മലപ്പുറം	. .	111
കോഴിക്കോട്	. .	154
വയനാട്	. .	162
കണ്ണൂർ	. .	162
കാസർകോട്	. .	95
ആകെ	. .	4550

LIBRARY ARCHIVES Kerala Legislative Assembly